ഉത്തരം

(എ) പ്രതിദിനം ശരാശരി 8600 കെയ്സ് വിദേശമദ്യം ബാർഹോട്ടൽവഴി വിൽക്കുന്നുണ്ട്.

(ബി) 490 എണ്ണം.

(സി) ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവില്പന ശാലകൾവഴി പ്രതിദിനം ശരാശരി 15300 കെയ്സും കൺസ്യൂമർഫെഡിന്റെ ചില്ലറ വില്പന ശാലകൾവഴി ശരാശരി 3170 കെയ്സും പ്രതിദിനം വിൽക്കപ്പെടുന്നു.

(ഡി) കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന്റെ 253-ഉം കൺസ്യൂമർ ഫെഡിന്റെ 46-ഉം ഉൾപ്പെടെ 299 ഔട്ട്ലെറ്റുകൾ വഴിയാണ് വില്ക്കുന്നത്.

(ഇ) പ്രതിവർഷം 15 ലക്ഷം രൂപയാണ് ബാർ ലൈസൻസ് ഫീസ്. ബാറുകളുടെ ലാഭനഷ്ട കണക്കുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറില്ല.

ബാറുകളുടെ പ്രവർത്തന സമയം

33 (2481) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. മുരളി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാറുകളുടെ പ്രവർത്തന സമയം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) രാത്രി മുഴുവൻ പ്രവർത്തിക്കുന്ന ബാറുകളുണ്ടോ എന്ന് അറിയുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവർത്തന സമയം കഴിഞ്ഞതിനുശേഷവും പ്രവർത്തനം നടത്തിയ എത്ര ബാറുകളുടെ മേൽ ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫോറിൻ ലിക്കർ റൂൾ 28 പ്രകാരം ബാറുകൾ സൂര്യോദയം മുതൽ രാത്രി 12 മണി വരെയുള്ള സമയത്തിനുള്ളിൽ പ്രവർത്തിക്കാവുന്നതാണ്.

(ബി) രാത്രി മുഴുവൻ പ്രവർത്തിക്കുന്ന ബാറുകൾ ഉണ്ടോ എന്ന് അറിയുന്നതിന് രാത്രി കാല പട്രോളിംഗും മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്.

(സി) പ്രവർത്തന സമയം കഴിഞ്ഞതിനുശേഷവും ബാറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ കേസുകൾ ഒന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly